കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിക്കപ്പെട്ട ഗവണ്മെന്റ് ഐ ടി ഐ യുടെ കെട്ടിട വാടക ,വൈദ്യുത ചാർജ്ജ് ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

---

**സ.ഉ.(സാധാ) നം.680/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **19/03/2020**

**പരാമർശം:-** പീലിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 24/01/2020 ലെ കത്ത്

<u>ഉത്തരവ്</u>

പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന ഐ ടി ഐ പോലുള്ള സ്ഥാപനങ്ങൾ ഇല്ലാത്ത പശ്ചാത്തലത്തിൽ ജനാഭിപ്രായം മാനിച്ച് ഐ ടി ഐ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സന്നദ്ധമാണെന്ന് അറിയിച്ചതിനെത്തുടർന്ന് ഐ ടി ഐ അനുവദിച്ചു കിട്ടിയിട്ടുണ്ട് . ആയതിനാൽ സ്വന്തമായി കെട്ടിട സൗകര്യം ലഭ്യമാക്കുന്നത് വരെ കെട്ടിട വാടക നൽകുന്നതിനും ഗവണ്മെന്റ് ഐ ടി ഐ യുടെ വൈദ്യുതി ചാർജ്ജ് അടക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിച്ചു നൽകുന്നത് വരെ ആവശ്യമായ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു പ്രത്യേക അനുമതി ലഭ്യമാക്കണമെന്നാണ് പീലിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ പുതുതായി അനുവദിക്കപ്പെട്ട ഗവണ്മെന്റ് ഐ ടി ഐ യ്ക്ക് സ്വന്തമായി കെട്ടിട സൗകര്യം ലഭ്യമാക്കുന്നത് വരെ കെട്ടിട വാടക നൽകുന്നതിനും, ഗവണ്മെന്റ് ഐ.ടി.ഐ യുടെ വൈദ്യുതി ചാർജ്ജ് അടക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഫണ്ട് അനുവദിച്ചു നൽകുന്നത് വരെ ആവശ്യമായ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സജന് സി വി ഐ എ സ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പ്രസിഡന്റ്,പീലിക്കോട് ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്. തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

**സെക്ഷൻ ഓഫീസർ**

**പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്**

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്